**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളിൽ താൽക്കാലിക നിയമനം ലഭിച്ചവരെ ഒഴിവാക്കി പി.എസ്.സി റാങ്ക്‌ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നുള്ള ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 1802/ 2019/ തസ്വഭവ** **തീയതി, തിരുവനന്തപുരം, 21/ 08/ 2019**

---

പരാമർശം : 1. 08/ 08/ 1988 ലെ സ.ഉ(എം.എസ്) 42/ 88/ പി&എ.ആർ.ഡി ഉത്തരവ്

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.06.2018 ലെ OA(Ekm) 1034/ 2018 നം. ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 30.08.2018 ലെ PAN/ 21871/2018-E14 (DP) നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. രഞ്ജിത്കുമാർ കെ.എം, ശ്രീ. ജോഷിൻ.എം എന്നിവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1034/ 2018 ൽ ബഹു.ട്രിബ്യുണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകരെ നേരിൽ കേട്ട് അനക്സർ എ 4 നിവേദനത്തിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചിരുന്നു. അപേക്ഷകനായ ശ്രീ. രഞ്ജിത്കുമാർ കെ.എം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ സമർപ്പിച്ച 02.05.2018 ലെ നിവേദനമാണ് അനക്സർ എ 4. പഞ്ചായത്ത് വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർ നിയമനം നടത്തുകയും അതു തുടർന്നും പുതുക്കി നൽകുകയും ചെയ്യുന്നതുവഴി പി.എസ്.സി റാങ്ക്‌ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് നിയമനം നിഷേധിക്കുന്നതായും കണ്ണൂർ ജില്ലയിൽ പഞ്ചായത്തു വകുപ്പിനു കീഴിലുള്ള 73 ഓഫീസുകളിൽ 87 വാഹനങ്ങൾ ഉള്ളതും അതിൽ 21 തസ്തികകൾ മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും എന്നാൽ നിലവിലുള്ള ബാക്കി പഞ്ചായത്തുകളിൽ തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ താൽക്കാലിക നിയമനം നിരന്തരമായി നടന്നു കൊണ്ടിരിക്കുന്നതായും ഒരു ഡിപ്പാർട്ട്മെന്റിൽ വാഹനം അനുവദിക്കുകയാണെങ്കിൽ തസ്തിക കൂടി അനുവദിക്കപ്പെട്ടതായി കണക്കാക്കേണ്ടതാണ് എന്ന് 1988 ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതാണെന്നും കണ്ണൂർ ജില്ലയിൽ നിലവിലുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, കൂടാതെ മറ്റ് രണ്ട് ഓഫീസുകളിലും ഉള്ള ഡ്രൈവർ തസ്തികകളിൽ പി.എസ്.സി. സി റാങ്ക്‌ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നും താത്കാലിക നിയമനം ലഭിച്ചവരെ ഒഴിവാക്കി പി. എസ്.സി റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹിക്കുന്ന പരിഗണന നൽകണമെന്നും അനക്സർ എ 4 നിവേദനത്തിൽ അപേക്ഷിച്ചു.

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരെ നേരിൽ കേട്ടു. ഹിയറിംങ് വേളയിൽ അനക്സർ എ 4 നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിച്ചു കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ആകെ 26 ഡ്രൈവർ തസ്തികകളാണ്

നിലവിലുള്ളതെന്നും (ഗ്രാമപ്പഞ്ചായത്-20, ജില്ലാ പഞ്ചായത്ത് -3, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് -1, പുഴാതി സോണൽ ആഫീസ് -1, ഇരിട്ടി മുനിസിപ്പാലിറ്റി -1) ആയതിനാൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ലെന്നും കണ്ണൂർ ജില്ലയിൽ ആകെ 71 ഗ്രാമപഞ്ചായത്തുകളാണ് ഉള്ളതെന്നും നിലവിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലെന്നും 09/07/2015 തീയതിയിലെ സ.ഉ(കൈ)232/15/തസ്വഭവ നമ്പർ പ്രകാരം 21 ഡ്രൈവർ തസ്തികകൾ കണ്ണൂർ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി സൃഷ്ടിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. മറ്റുജില്ലകളിലെ ഉദ്യോഗാർഥികൾ സമർപ്പിച്ച സമാനമായ നിവേദനങ്ങളിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ച് തീർപ്പാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല. കൂടാതെ 22/5/2019 ലെ ജി.ഒ.(എം.എസ്)നം6/2019/പി&എ ആർ ഡി ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ മരവിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിന് കീഴിൽ താൽക്കാലിക ഡ്രൈവർമാർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ LDV ഡ്രൈവർ തസ്തിക സൃഷ്ടിച്ച് പി.എസ്.സി റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർഥികളെ നിയമിക്കണമെന്നാവശ്യപ്പെട്ട് ശ്രീ രഞ്ജിത്കുമാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്സർ എ 4 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ശ്രീ. രഞ്ജിത്കുമാർ കെ.എം, തേജസ് ഹൗസ്, ചെറുവാഞ്ചേരി, കണ്ണൂർ
ശ്രീ. ജോഷിൻ.എം, പുതിയ പുരയിൽ ഹൗസ്, കമ്പിൽ, കോളച്ചേരി. പി.ഒ, കണ്ണൂർ-670601

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്)**, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/146/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ